# തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്‌സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി

വിഷയം:- വനം-വകുപ്പ് - ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് ഫെയർ കോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്

സൂചന :- (1) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 27-11-2018-ലെ ഇ2-26371/18 നമ്പർ ഉത്തരവ് പ്രകാരമുളള സീനിയോരിറ്റി ലിസ്റ്റ്.

(2) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20-05-2019-ലെ ഇ2-4047/14-ാം നമ്പർ ഉത്തരവ്.

(3) ശ്രീ.ശിവരാമകൃഷ്ണൻ.എസ്., സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 15-06-2019-ലെ അപേക്ഷ.

## ഉത്തരവ് നമ്പർ ഇ2-4047/14 തീയതി 19-06-2019

വനം വകുപ്പിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ശോഭന 31-05-2019 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചതിനെത്തുടർന്ന് ഒരു ഫെയർ കോപ്പി സൂപ്രണ്ടിന്റെ ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച വനംവകുപ്പിലെ ഫെയർ കോപ്പി സൂപ്രണ്ട്/ ടൈപ്പിസ്റ്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സെലക്ഷൻ ഗ്രേഡ് വിഭാഗത്തിലെ ക്രമനമ്പർ (3) ശ്രീമതി.റ്റി.എം.അനിത വരെയുളളവർക്ക് ഫെയർ കോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

വനം വകുപ്പാസ്ഥാന ഓഫീസിൽ നിലവിലുളള ഫെയർ കോപ്പി സൂപ്രണ്ടിന്റെ ഒഴിവിലേക്ക് സീനിയോരിറ്റി നമ്പർ (4) ശ്രീ.ശിവരാമകൃഷ്ണൻ.എസ് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് സ്ഥാനക്കയറ്റത്തിനായി അർഹത നേടിയിരുന്നുവെങ്കിലും ടി സ്ഥാനക്കയറ്റം ആവശ്യമില്ലായെന്ന് ടിയാൻ സൂചന (3) പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ടൈപ്പിസ്റ്റ് സ്ഥാനക്കയറ്റത്തിനായി അർഹത നേടിയിട്ടുണ്ട്.

| ക്രമ നമ്പർ | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പേര് | നിലവിൽ ജോലിനോക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | 05 | ശ്രീമതി.ജോസഫൈൻ.എ | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), തിരുവനന്തപുരം |

മേൽ സാഹചര്യത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.ജോസഫൈൻ.എ്-യ്ക്ക് 30700-65400 രൂപ ശമ്പളസ്കെയിലിൽ ഫെയർ കോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി വനം വകുപ്പാസ്ഥാനത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) ഓഫീസിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാന് മേൽ വിവരിച്ച ശമ്പളസ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ സ്ഥാനക്കയറ്റത്തെത്തുടർന്നുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**

**പകർപ്പ്**

1. വ്യക്തിക്ക് മേലധികാരി മുഖേന
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരത്തിന് അറിവിലേക്ക്.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി, തിരുവനന്തപുരം അറിവിലേക്കും തുടർനടപടികൾക്കും.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരത്തിന് വനം വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
5. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
6. ഡയറക്ടർ, കേരള ഫോറസ്റ്റ് ട്രെയിംനിഗ് ഇൻസ്റ്റിറ്റ്യൂട്ട്, വാളയാർ
7. സ്റ്റോക്ക് ഫയൽ.